# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2351 — 12.03.2020-ന് മറുപടിയ്ക്ക്

## പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് അപേക്ഷിച്ച സമുദായങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി. സി. ജോർജ് :** | **എ. കെ. ബാലൻ**<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം മറ്റ പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് ഏതെങ്കിലും സമുദായങ്ങൾ സംസ്ഥാന സർക്കാരിനെ സമീപിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ സമുദായങ്ങളാണെന്ന് വിശദമാക്കാമോ ; | (എ) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം മറ്റ പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് മൂവാരി/മുഖാരി, നായിഡു, ബോയൻ, പാർക്കവർ കുല സമുദായം, ശൈവ വെള്ളാള സമുദായം, വേട്ടുവ ഗൗണ്ടർ, മോഗർ (മുഗയ) സമുദായം, തോട്ടിയനായ്ക്കർ സമുദായം, മുത്തുരാജ സമുദായം, ദാസാ സമുദായം എന്നീ സമുദായങ്ങളാണ് സർക്കാരിനെ സമീപിച്ചിട്ടുള്ളത്. |
| (ബി) മറ്റ പിന്നോക്ക വിഭാഗക്കാർക്ക് 2019-20 സാമ്പത്തിക വർഷത്തിൽ കഴിഞ്ഞ വർഷത്തെക്കാൾ കൂടുതലായി എന്തൊക്കെ ക്ഷേമ പദ്ധതികളാണ് നടപ്പാക്കിയത് ; വിശദമാക്കാമോ ; | (ബി) എംപ്ലോയ്മെന്റ് എൻഹാൻസ്മെന്റ് പദ്ധതിയുടെ ഭാഗമായി "പ്രളയ ബാധിത പ്രദേശങ്ങളിലെ പരമ്പരാഗത തൊഴിലാളികൾക്ക് ജീവനോപാധി പുനഃസ്ഥാപന ധനസഹായം" എന്ന ഘടകം കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു പ്രകാരം പ്രളയം ഏറ്റവും കൂടുതൽ ബാധിച്ച ആലപ്പുഴ, വയനാട്, എറണാകുളം, മലപ്പുറം, തൃശ്ശൂർ ജില്ലകളിലെ പ്രളയം ബാധിച്ച് കഷ്ടത അനുഭവിക്കുന്ന AAY റേഷൻ കാർഡുള്ള പരമ്പരാഗത തൊഴിലാളികൾക്ക് അവരുടെ ജീവനോപാധി പുനഃസ്ഥാപിക്കുന്നതിനായി 25,000/- രൂപ ഗ്രാന്റായി അനുവദിക്കുന്ന പദ്ധതിയാണിത്. |
| (സി) ഇതിലേക്കായി കേന്ദ്രസർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ? | (സി) കേന്ദ്ര ഫണ്ട് അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ